<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പതിനൊന്നാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ: 2852

19.06.2014-ൽ

മറുപടിയ്ക്ക്

<u>തൊണ്ട് സംഭരണ പദ്ധതി</u>

| <u>ചോദ്യം</u><br>ശ്രീ.വി.ഡി.സതീശൻ<br>,, ജോസഫ് വാഴക്കൻ<br>,, ബെന്നി ബെഹനാൻ<br>,, കെ.മുരളീധരൻ | <u>ഉത്തരം</u><br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) പുതിയ തൊണ്ട് സംഭരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) തൊണ്ട് സംഭരണ പദ്ധതി 16.01.2012 മുതൽ പരിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. തൊണ്ട് സംഭരിക്കുന്നതിന് തൊണ്ട് സംഭരണ കൺസോർഷ്യങ്ങൾക്കു നൽകിയിരുന്ന 5.00 ലക്ഷം റിവോൾവിംഗ് ഫണ്ട് കടത്തുകൂലിയുടെ 50% ഗ്രാന്റ് എന്നിവ തുടർന്നും നൽകുന്നതിനോടൊപ്പം ചുവടെ സൂചിപ്പിക്കുന്ന രീതിയിലാണ് പദ്ധതി പ്രധാനമായും പരിഷ്ക്കരിച്ചത്.<br>a. തൊണ്ട് സംഭരിക്കുന്നതിന് കയർ സഹകരണ സംഘങ്ങൾക്ക് പരമാവധി ഒരു ലക്ഷം രൂപ റിവോൾവിംഗ് ഫണ്ട് നൽകാൻ ഉത്തരവായി.<br>b. തൊണ്ട് ശേഖരിക്കുന്ന ആക്ടിവിററി ഗ്രൂപ്പിലെ വ്യക്തിക്ക് പ്രതിദിനം നൽകിയിരുന്ന പരമാവധി വേതനം 100 രൂപയിൽ നിന്ന് 150 രൂപയായി വർദ്ധിപ്പിച്ചു.<br>c. സംഭരിക്കുന്ന തൊണ്ടിന് നൽകിയിരുന്ന ഇൻസെന്റീവ് പച്ചതൊണ്ടിന് 10 പൈസയിൽ നിന്നും 15 പൈസയായും ഉണക്കത്തൊണ്ടിന് 7.5 പൈസയിൽ നിന്നും 10 പൈസയായും വർദ്ധിപ്പിച്ചു.<br>d ഡീഫൈബറിംഗ് മെഷീൻ ഉള്ള കയർ മേഖലയിലെ സഹകരണ സംഘങ്ങൾ സംഘത്തിലെ ഉൽപാദനത്തിന് സംഭരിക്കേണ്ടി വരുന്ന തൊണ്ട് പ്രസ്തുത സംഘങ്ങളിലെ തൊഴിലാളികൾ സംഘം മുഖേന ശേഖരിക്കുകയാണെങ്കിൽ ആ തൊഴിലാളികൾക്ക് ആക്ടിവിറ്റി ഗ്രൂപ്പ് അംഗങ്ങൾക്ക് നൽകുന്ന മാനദണ്ഡം പ്രകാരമുള്ള പ്രതിദിനം ലഭിക്കുന്ന 150 രൂപ സംഭരിക്കുന്ന തൊണ്ടിന് ഇൻസെന്റീവ് |

| | |
|---|---|
| | ലഭിക്കുന്നതിന് അർഹരാക്കി.<br>e. പ്രോജക്ട് ലെവൽ ഹസ്ക് പ്രോക്യൂർമെന്റ് കമ്മിറ്റിയുടെയും മോണിറ്ററിംഗ് കമ്മിറ്റിയുടെയും ഘടനകളിൽ മാറ്റങ്ങൾ വരുത്തി. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) കയർ വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങളിലൊന്ന് ആവശ്യമായത്ര ചകിരിയുടെ ദൗർലഭ്യമാണ്. കേരളത്തിൽ ഉൽപാദിപ്പിക്കുന്ന നാളികേരത്തിന്റെ 50% തൊണ്ടെങ്കിലും ഇവിടെത്തന്നെ സംസ്കരിച്ച് ചകിരിനാര് ഉൽപ്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് തൊണ്ട് സംഭരണ പദ്ധതി 2010 മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കിയത്. ഈ ലക്ഷ്യം മുൻനിർത്തി തന്നെയാണ് ഈ പദ്ധതി പരിഷ്കരിച്ചത്. |
| സി) തൊണ്ട് സംഭരണം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ; | സി) തൊണ്ടു സംഭരണ പദ്ധതി പ്രകാരം ധനസഹായത്തിനുള്ള അർഹത ചകിരി നിർമ്മാണം നടത്തുന്ന എല്ലാ മില്ലുകൾക്കും, തൊണ്ടു സംഭരണവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്കും കൺസോർഷ്യങ്ങൾക്കുമാണ്; തൊണ്ട് സംഭരണം ശക്തിപ്പെടുത്തുക എന്ന ലക്ഷ്യം കണക്കിലെടുത്ത് ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചും ഫീൽഡുതല കമ്മിറ്റികളുടെ ഘടനയിൽ മാറ്റം വരുത്തിയുമാണ് പദ്ധതി പരിഷ്കരിച്ചത്. |
| ഡി) പദ്ധതി പ്രകാരം എന്തെല്ലാം കാര്യങ്ങൾ നടപ്പിൽ വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | ഡി) വർദ്ധിപ്പിച്ച രീതിയിലുള്ള ഇൻസെന്റീവ് സഹകരണ സ്വകാര്യ മേഖലകൾക്ക് നൽകാൻ നടപടി സ്വീകരിച്ചു. തൊണ്ട് സംഭരണം കൂടുതൽ ശക്തമാക്കി വിപുലീകരിച്ചു നടപ്പാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. മാത്രമല്ല, നാളികേര വികസന ബോർഡുമായി ചേർന്നും തൊണ്ടു സംഭരിച്ച് ചകിരിയാക്കാനുള്ള പദ്ധതി നടപ്പിലാക്കാനും നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ